# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7469 — 14.07.2014 ൽ മറുപടിക്ക്

### പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന്റെ പരിശോധന

| | ചോദ്യം<br>ശ്രീ.വി. ശശി | | ഉത്തരം<br>ഡോ. എം.കെ.മുനീർ<br>ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | മിഷൻ 676 - ന്റെ ഭാഗമായി പെർഫോമൻസ് ആഡിറ്റ് യൂണിറ്റിന്റെ പരിശോധന ഗ്രാമ പഞ്ചായത്തുകളിൽ മാസത്തിൽ ഒരു തവണയാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; | എ) | ഗ്രാമ പഞ്ചായത്തുകളിലെ പെർഫോമൻസ് ഓഡിറ്റ് മാസത്തിലൊരു തവണ വീതമാക്കുക എന്ന ലക്ഷ്യം മിഷൻ 676 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് സർക്കാർ തീരുമാനം എടുക്കുകയോ, 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയോ ചെയ്തിട്ടില്ല. |
| ബി) | പ്രസ്തുത യൂണിറ്റുകൾക്ക് ഓഫീസും മറ്റ് ഭൗതിക സൗകര്യങ്ങളും ഏർപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ ; | ബി) | നിലവിൽ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റുകൾക്കുള്ള ഓഫീസ് സൗകര്യങ്ങൾ അതാത് യൂണിറ്റിന് കീഴിലുള്ള ഏതെങ്കിലുമൊരു പഞ്ചായത്തിനോടനുബന്ധിച്ചോ, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിനോടനുബന്ധിച്ചോ ഒരുക്കിയിട്ടുണ്ട്. |
| സി) | യൂണിറ്റ് സൂപ്പർവൈസർ തസ്തിക അപ്ഗ്രേഡ് ചെയ്യാൻ നിർദ്ദേശമുണ്ടോ ; എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | സി) | യൂണിറ്റ് സൂപ്പർവൈസർ തസ്തിക അപ്ഗ്രേഡ് ചെയ്യുന്നതു സംബന്ധിച്ച് നിർദ്ദേശം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ